പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 52 — 28.06.2016-ൽ മറുപടിക്ക്

## പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.കെ.സി. മമ്മത് കോയ | ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) അനധികൃത മണൽ കടത്തുമായി ബന്ധപ്പെട്ടും മറ്റു വിവിധ കേസ്സുകളിലും പോലീസ് കസ്റ്റഡിയിൽ എടുക്കുന്ന വാഹനങ്ങൾ പോലീസ് സ്റ്റേഷനുകൾക്കു മുമ്പിലും പാതയോരങ്ങളിലും നിർത്തിയിടുന്നതുമൂലം അപകടമുണ്ടാകുന്നതും ആളുകൾ മരണപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബേപ്പൂർ നിയോജകമണ്ഡലത്തിലെ നല്ലളം പോലീസ് സ്റ്റേഷൻ ഉൾപ്പെടെ കേരളത്തിലെ പോലീസ് സ്റ്റേഷനുകൾക്കു മുമ്പിലും പാതയോരങ്ങളിലും ഇത്തരത്തിൽ അപകടകരമായ രീതിയിൽ നിർത്തിയിട്ട വാഹനങ്ങൾ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നല്ലളം പോലീസ് സ്റ്റേഷന് മുമ്പിലുള്ള പാതയോരത്ത് നിർത്തിയിട്ട വാഹനങ്ങൾ ഒഴിവാക്കുന്നതിന് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. നടപടികൾ പൂർത്തിയായ വാഹനങ്ങൾ ലേലം ചെയ്തിട്ടുള്ളതും, ബാക്കിയുള്ളവ ഒഴിവാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. |

Rajani.M

സെക്ഷൻ ഓഫീസർ